# തേജസ്വിനി നാളികേരോത്പന്ന ഫാക്ടറിക്ക് തറക്കല്ലിട്ടു



ചെറുപുഴ തേജസ്വിനി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ഫാക്ടറിക്ക് കല്ലിടുന്ന ചടങ്ങിൽ മുഖ്യമന്ത്രി നിലവിളക്ക് കൊളുത്തുന്നു. മന്ത്രി കെ.സി.ജോസഫ്, സി.കൃഷ്ണൻ എം.എൽ.എ, കളക്ടർ പി.ബാലകിരൺ, തേജസ്വിനി ചെയർമാൻ സണ്ണി ജോർജ് തുടങ്ങിയവർ സമീപം

**ചെറുപുഴ:** കർഷകരുടെ പ്രശ്നങ്ങൾ ഫലപ്രദമായും പ്രായോഗികമായും പൂർണമായി പരിഹരിക്കാൻ സർക്കാറിന് സാധിച്ചിട്ടില്ലെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു.

പെരിങ്ങോത്ത് 10 കോടി ചെലവിൽ നിർമിക്കുന്ന തേജസ്വിനി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ഫാക്ടറിക്ക് കല്ലിട്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കർഷക കമ്പനികൾക്ക് സർക്കാർ പരമാവധി സഹായം നല്കും. നീര ഉത്പാദനം കർഷകർക്കും തൊഴിലാളികൾക്കും ഒരുപോലെ പ്രയോജനപ്രദമാണ്. നീര വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിച്ചാൽ കർഷകൻെറ സാമ്പത്തികസ്ഥിതി മെച്ചമാകും. കൃഷിക്ക് നല്കുന്ന സബ്സിഡിയും താങ്ങുവിലയും താത്കാലികമാണ്. ശാശ്വതമായ പ്രയോജനം ലഭിക്കണമെങ്കിൽ മൂല്യവർധിത ഉത്പന്നങ്ങളുണ്ടാക്കി വിപണനം നടത്തണമെന്നും കർഷകർക്ക് വലിയ ദൗത്യമാണുള്ളതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ചടങ്ങിൽ നീര വറ്റിച്ചുണ്ടാക്കിയ തേജസ്വിനി നീരപാനി മന്ത്രി കെ.സി.ജോസഫ് വിപണിയിലിറക്കി. സംസ്ഥാന നീര കമ്മിറ്റി കർഷകപ്രതിനിധി ബാബു ജോസഫ് നീരസാമ്പിൾ ബോട്ടിൽ ഏറ്റുവാങ്ങി.

കളക്ടർ പി.ബാലകിരൺ വ്യക്തിഗത ഷെയർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

2001-ൽ ചെറുപുഴയിലെ 10 കർഷകർ ചേർന്നു രൂപവത്കരിച്ച തേജസ്വിനി ഇക്കോ ഫാം സൊസൈറ്റി നാളികേര വികസന ബോർഡിനു കീഴിൽ നാളികേരോത്പാദന കമ്പനിയായി മാറുകയായിരുന്നു.